**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 726 — 09.08.2017-ൽ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ്**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിലെ ഏതെല്ലാം സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കാണ് സ്റ്റൈപന്റ് നൽകുന്നതെന്നും അതിന്റെ പ്രതിമാസ നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | 23/7/2016 ലെ സർക്കാർ ഉത്തരവ് (പി) നം.4/2016/പജപവവിവ പ്രകാരം പ്രീ-മെട്രിക് തലത്തിൽ പട്ടികജാതിയിൽ നായാടി, വേടൻ, വേട്ടുവൻ, കരിമ്പാലൻ, മാവിലൻ, അരുന്ധതിയാർ, ചക്ലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കാണ് സ്റ്റൈപ്പന്റ് നൽകുന്നത്<br>**പ്രീമെട്രിക് പ്രതിമാസ നിരക്ക്**<br>എൽ.പി - 130 രൂപ<br>യു.പി. - 160 രൂപ<br>എച്ച്.എസ്. - 190 രൂപ<br>പോസ്റ്റ്മെട്രിക് തലത്തിൽ പട്ടികജാതിയിൽപ്പെട്ട എല്ലാ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നു. പോസ്റ്റ് മെട്രിക് പ്രതിമാസ നിരക്ക് 8 കി.മീ.-നുള്ളിൽ താമസിക്കുന്നവർക്ക് 630 രൂപ 8 കി.മി.നു വെളിയിൽ താമസിക്കുന്നവർക്ക് 750/-രൂപ |
| (ബി) | അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന, പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ് ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി.ഇ.ഒ/എ.ഇ.ഒ മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നൽകണം. അദ്ധ്യയന വർഷാവസാനം തുക റീ ഇംബേഴ്സ് ചെയ്തു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ